<u>അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി</u>

**<u>13.12.2011-ലെ തെളിവെടുപ്പ് യോഗത്തിനുള്ള ചോദ്യാവലി</u>**

1. കേരളത്തിൽ സ്വകാര്യ മേഖലയിൽ എത്ര മരുന്നു കമ്പനികൾ പ്രവർത്തിക്കുന്നു; ഇതിൽ വിദേശ സഹകരണത്തോടെ പ്രവർത്തിക്കുന്ന കമ്പനികൾ എത്രയെണ്ണമുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുക?
2. മരുന്നു കമ്പനികളെ നിയന്ത്രിക്കുന്ന ഒരു നിയമം കേരളത്തിൽ നിലവിലുണ്ടോ ; മരുന്നു കമ്പനികൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്താണ് ?
3. ബ്ലാക്ക് ലിസ്റ്റ് ചെയ്ത കമ്പനികളെ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനം വിശദമാക്കുമോ; ഇതിന്റെ പ്രചരണത്തിനായി എത്ര തുക ഈ വർഷം വകയിരുത്തിയിട്ടുണ്ട് ?
4. ബ്ലാക്ക് ലിസ്റ്റ് ചെയ്ത കമ്പനികളെ പിന്നീടുള്ള ടെണ്ടറുകളിൽ നിന്നും ഒഴിവാക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയതും ഒഴിവാക്കിയതുമായ കമ്പനികൾ ഏതൊക്കെ ?
5. ഒരു കമ്പനിയെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ?
6. ഒരു പുതിയ മരുന്ന് വിപണിയിൽ എത്തിക്കുന്നതിനു മുമ്പ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ എന്തെല്ലാം പരിശോധനകൾക്ക് വിധേയമാകണം?
7. കേരളത്തിൽ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന ലാബുകൾ എവിടെയെല്ലാമുണ്ട് ?
8. കർശന നിബന്ധനകൾ ഉണ്ടായിട്ടും ഗുണനിലവാരം കുറഞ്ഞ മരുന്നുകളും വ്യാജമരുന്നുകളും വിപണിയിലെത്തുന്നതിനു കാരണമെന്താണ്; ഇതു സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് ആരോഗ്യ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ?
9. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ എത്ര ജീവനക്കാർ ഉണ്ട് ; ഇവരുടെ യോഗ്യതകൾ എന്തെല്ലാമാണ് ?
10. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്വകാര്യലാബുകളെ ആശ്രയിക്കാറുണ്ടോ ; എങ്കിൽ ഏതെല്ലാം സ്വകാര്യലാബുകളെയാണ് ആശ്രയിക്കുന്നത് ?

11. നിർദ്ദിഷ്ട റീജിയണൽ ടെസ്റ്റിംഗ് ലാബ് എന്ന് പ്രവർത്തനം ആരംഭിക്കും; അതിന്റെ പുരോഗതി വിശദമാക്കാമോ ?
12. മരുന്നുകൾ ബാച്ച് അടിസ്ഥാനത്തിൽ ടെസ്റ്റ് ചെയ്ത് ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനു മുമ്പ് അവ വിപണിയിൽ ലഭിക്കാൻ കാരണമെന്ത് ?
13. ബാച്ച് അടിസ്ഥാനത്തിൽ ടെസ്റ്റ് ചെയ്ത മരുന്നുകളുടെ വിവരം ഇന്റർനെറ്റിൽ പ്രസിദ്ധപ്പെടുത്താറുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം ആരോഗ്യ വകുപ്പിന്റേയോ, ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റേയോ website കളിൽ പരസ്യപ്പെടുത്താറുണ്ടോ ?
14. പ്രൈസ് കൺട്രോൾ ഓർഡർ (Price Control Order) പ്രകാരം ലിസ്റ്റ് ചെയ്ത മരുന്നുകൾ ഏതെല്ലാം ; എത്ര മരുന്നുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട് ?
15. പ്രതിരോധ വാക്സിനുകൾ പൊതുമേഖലയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ വാക്സിനുകൾ ആണ് പൊതുമേഖലയിൽ ഉൽപ്പാദിപ്പിക്കുന്നത് ?
16. പ്രതിരോധ വാക്സിനുകളുടെ ക്ഷാമം ഒഴിവാക്കാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ?
17. മരുന്നുകളുടെ വില കുറയ്ക്കുന്നതിനായി മരുന്നു കമ്പനികളുടെ പ്രതിനിധികളുമായി യോഗം ചേരുകയുണ്ടായോ ; എങ്കിൽ പ്രസ്തുത യോഗങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ?
18. ന്യായവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ പാനൽ ഉണ്ടാക്കി തയ്യാറാക്കിയ 840 ബ്രാൻഡ് മരുന്നുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?
19. ഇപ്പോൾ നിലവിലുള്ള Essential Drug List ലഭ്യമാക്കുമോ ?
20. ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഓൾ കേരള കെമിസ്റ്റ്സ് ആന്റ് ഡ്രഗ്ഗിസ്റ്റ്സ് അസോസിയേഷൻ എന്ന സംഘടനയ്ക്ക് മരുന്നു വിപണിയിൽ ഇടപെടാൻ എന്തെങ്കിലും അധികാരം ആരോഗ്യ വകുപ്പോ, ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പോ നൽകിയിട്ടുണ്ടോ ; പ്രസ്തുത അസോസിയേഷന്റെ മരുന്നു വിപണിയിലെ അനധികൃത ഇടപെടൽ സംബന്ധിച്ച് ആരോഗ്യ ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പുകൾ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?
21. ഇതു സംബന്ധിച്ച് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ?

22. ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പിനോ, ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പിനോ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ടി പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

23. വിപണിയിൽ മരുന്ന് വിൽക്കുന്നതിനു വേണ്ടി മരുന്ന് ഉൽപാദനകമ്പനികൾ, മൊത്ത വിതരണ ഏജൻസികൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവ ട്രേഡ് മാർജിൻ സർട്ടിഫിക്കറ്റ് എടുക്കുന്നത് ഏതു നിയമ പ്രകാരമാണ്;

24. പ്രസ്തുത സർട്ടിഫിക്കറ്റ് എടുക്കാത്ത കമ്പനികൾക്കെതിരെ ഏത് നിയമപ്രകാരമാണ് AKCDA ഫൈൻ ഈടാക്കുന്നത്; ഇത് നിയമവിരുദ്ധമാണെന്ന് വ്യക്തമായിരിക്കെ ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പ് ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

25. ആൾ കേരള കെമിസ്റ്റ്സ് ആന്റ് ഡ്രഗ്ഗിസ്റ്റ്സ് അസോസിയേഷൻ എന്ന സംഘടന ന്യായവില മെഡിക്കൽ സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എന്നിവയ്ക്ക് മരുന്നു നൽകാൻ വിസമ്മതിക്കുന്നതിനാൽ ടി അസോസിയേഷന്റെ രജിസ്ട്രേഷൻ നിർത്തലാക്കാൻ ആരോഗ്യ വകുപ്പും ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

26. നാളിതുവരെയായിട്ടും AKCDA -യുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാത്തതിന്റെ കാരണമെന്താണ് ?

27. ന്യായവില മെഡിക്കൽ സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോർ എന്നിവയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെയോ, ഏതെങ്കിലും സർക്കാർ ഏജൻസികളുടെയോ ഓഡിറ്റ് നടത്താറുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാരണം ?

28. താലൂക്ക് ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉണ്ടായിരിക്കേണ്ട മരുന്നുകളെ സംബന്ധിച്ച് ഒരു ഡ്രഗ്ഗ് ഫോർമുല തയ്യാറാക്കിയിട്ടുണ്ടോ; ആയത് കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യാറുണ്ടോ ?

29. ഡ്രഗ്ഗ് ഫോർമുല പ്രകാരം ഓരോ ആശുപത്രികളിലും ഉണ്ടായിരിക്കേണ്ട മരുന്നുകൾ ഏതെല്ലാമാണ്; ടി ലിസ്റ്റ് പൊതുജനങ്ങൾ കാണുന്നവിധത്തിലും, മനസ്സിലാകുന്ന വിധത്തിലും അവയുടെ വിലവിവരം ഉൾപ്പെടെ, പ്രദർശിപ്പിക്കാറുണ്ടോ ?

30. ഇത് സംബന്ധിച്ച് ഡോക്ടർമാർക്ക് എന്തെങ്കിലും ഇൻ സർവ്വീസ് ട്രെയിനിംഗ് നൽകാറുണ്ടോ ?

31. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രജിസ്റ്റർ ചെയ്തത് എന്നാണ് ; എന്നു മുതലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്?

32. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം വാങ്ങുന്ന മരുന്നുകൾ അധികാരപ്പെടുത്തിയ സർക്കാർ ലാബുകളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തണമെന്ന നിയമം നിലനിൽക്കേ, ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിപണനം നടക്കുന്നതിന് കാരണമെന്താണ് ?

33. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രതിവർഷം വാങ്ങിയ മരുന്നുകൾ, നിലവാരമില്ലാത്തതായി കണ്ടെത്തിയ മരുന്നുകൾ, ഇവ വിതരണം ചെയ്ത കമ്പനികൾക്കെതിരെ സ്വീകരിച്ച നടപടികൾ, ബ്ലാക്ക് ലിസ്റ്റ് ചെയ്ത കമ്പനികൾ എന്നിവ സംബന്ധിച്ച വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2010–2011 വർഷത്തെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

34. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങുന്ന മരുന്നുകൾ “Drugs and Cosmetics Act”പ്രകാരമുള്ള എന്തെല്ലാം പരിശോധനകൾക്ക് വിധേയമാക്കാറുണ്ട് ?

35. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട് ലെറ്റുകൾ എല്ലാ താലൂക്ക്, ജില്ലാ ആശുപത്രികളിലും ആരംഭിക്കാത്തതിന് കാരണമെന്താണ് ?

36. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് നിർമ്മാണ കമ്പനികളിൽ നിന്ന് നേരിട്ട് ക്വട്ടേഷൻ സ്വീകരിച്ചാണോ മരുന്ന് വാങ്ങുന്നത് ; സ്റ്റോർ പർച്ചേയ്സ് മാനുവൽ പ്രകാരമാണോ മരുന്നു വാങ്ങുന്നത് ?

37. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ എല്ലാ വർഷവും പർച്ചേയ്സ് ഓഡിറ്റ് നടത്താറുണ്ടോ ; അങ്ങനെ ഓഡിറ്റ് നടത്തി ഏറ്റവുമധികം വിൽക്കുന്ന മരുന്നുകൾ ഏതെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ ; ഏറ്റവും അധികം വിറ്റുപോകുന്ന മരുന്നുകൾ കൂടുതൽ ശേഖരിച്ചു വയ്ക്കാറുണ്ടോ ?

38. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിഗമനത്തിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്ത കമ്പനികൾ ഏതെല്ലാമാണ്?

39. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്നുകൾ രോഗികൾക്ക് ഓൺലൈനായി വാങ്ങുന്നതിനുള്ള ‘‘ടാസ്’’ സോഫ്റ്റ്വെയറിന്റെ വികസനം ഏതുവരെയായി; ഈ സർവ്വീസ് എന്നുമുതൽ പ്രവർത്തിപഥത്തിൽ വന്നു തുടങ്ങും?

40. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ ചില്ലറ വില്പനശാല ആരംഭിക്കുന്നത് സംബന്ധിച്ച, കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ മാനേജ്മെന്റ് വകുപ്പിന്റെ

സാദ്ധ്യതാ പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

41. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരണവുമായി ഗവൺമെന്റ് മുന്നോട്ടു പോവുകയാണെന്നറിഞ്ഞിട്ടും 2008 ഏപ്രിൽ മാസത്തിൽ ആരോഗ്യ വകുപ്പ്, ഡ്രഗ്ഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് വകുപ്പിന് മരുന്നു വാങ്ങുന്നതിനായി 2.13 കോടി രൂപ നൽകിയതിനു കാരണമെന്താണ് ; ടി തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയി ?

42. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിലവാരമില്ലാത്ത മരുന്ന് വിതരണം ചെയ്ത കേരളത്തിനു പുറത്ത് നിന്നുള്ള കമ്പനിക്കെതിരെ എന്തെങ്കിലും നടപടിയെടുക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എം.ഡിയ്ക്ക് അധികാരമുണ്ടോ ?

43. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അപസ്മാരത്തിനുപയോഗിക്കുന്ന “ഫെനിറ്റോയിൻ” ഇൻജക്ഷന്റെ 100 മില്ലിഗ്രാമിൽ “ഫെനിറ്റോയിൻ സോഡിയം” എന്ന മരുന്ന് 70% മാത്രം ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ടി കമ്പനിക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ? ടി കമ്പനിക്കെതിരെ നിയമ നടപടി ഒഴിവാക്കുന്നതിനായി ഫെനിറ്റോയിൻ സോഡിയത്തിന്റെ അളവ് പരിശോധനയിൽ 70% എന്നുള്ളത് 72.18% ആക്കി ഉയർത്തിക്കൊടുത്തിട്ടുണ്ടോ; കോർപ്പറേഷന് തുടർന്നും മരുന്ന് വിതരണം ചെയ്യുന്നതിൽ നിന്നും ഈ കമ്പനിയെ ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത് ?

44. എല്ലാ ജീവൻ രക്ഷാ ഔഷധങ്ങളും, താലൂക്ക് ജില്ലാ ആശുപത്രികളിൽ ലഭ്യമല്ലാത്തതിന് കാരണമെന്താണ് ; ഇവയുടെ ലഭ്യത ഉറപ്പുവരുത്താൻ സ്വികരിച്ച നടപടികൾ എന്തെല്ലാം ; ഇതിന്റെ കുറവ് പരിഹരിക്കാൻ ലോക്കൽ പർച്ചേയ്സ് നടത്താറുണ്ടോ ; താലൂക്ക്, ജില്ലാ ആശുപത്രികൾക്ക് എത്ര ലക്ഷം രൂപയുടെ ലോക്കൽ പർച്ചേയ്സ് നടത്താൻ അധികാരമുണ്ട് ?

45. നിരോധിക്കപ്പെട്ട മരുന്നുകൾ പുതിയ ട്രേഡ് നെയിമിലോ അല്ലാതെയോ വീണ്ടും വിപണിയിൽ വരുന്നത് തടയാൻ ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം : ഇതു സംബന്ധിച്ച് കഴിഞ്ഞ വർഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; വിശദവിവരം ലഭ്യമാക്കുക ?

46. അങ്ങനെയുള്ള കമ്പനികളുടെ ലൈസൻസ് റദ്ദാക്കാറുണ്ടോ ; അതനുസരിച്ച് എത്ര കമ്പനികളുടെ ലൈസൻസ് കഴിഞ്ഞവർഷം റദ്ദാക്കി ; അവ ഏതെല്ലാം ?

47. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നിരോധിക്കപ്പെട്ട മരുന്നുകൾ വിപണിയിൽ എത്തുന്നത് തടയുന്നതിനുമായി എല്ലാ മാസവും ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പ്, സർക്കാർ - സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾ പരിശോധിക്കാറുണ്ടോ ?

48. മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകളുടെ വിലവിവരം, ജീവൻരക്ഷാ ഔഷധങ്ങൾ, നിരോധിക്കപ്പെട്ട മരുന്നുകൾ എന്നിവ ഇനം തിരിച്ച് പ്രദർശിപ്പിക്കണമെന്ന് നിയമമുണ്ടോ ; എങ്കിൽ ഇത് പാലിക്കാത്ത മെഡിക്കൽ സ്റ്റോറുകൾക്കെതിരെ എന്ത് നടപടിയാണ് ആരോഗ്യ, ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പ് അധികൃതർ സ്വീകരിച്ചുവരുന്നത്; 2010-2011 കാലഘട്ടത്തിൽ എത്ര മെഡിക്കൽ സ്റ്റോറുകൾക്കെതിരെ ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു ; ആയതിന്റെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുക?

49. ഒരു മരുന്ന് തന്നെ പല Brand name ലും പല വിലയിലും മാർക്കറ്റിൽ വിൽക്കുന്നത് തടയാൻ ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ; ഇതു തടയുന്നതിന് നിലവിൽ നിയമമുണ്ടോ?

50. ഒരേ കെമിക്കൽ നെയിം ഉള്ള മരുന്ന് മാർക്കറ്റിൽ പല വിലകളിൽ വിൽക്കപ്പെടുന്നത് നിലവിലുള്ള നിയമത്തിന്റെ എന്തെങ്കിലും പോരായ്മ കൊണ്ടാണോ?

51. കേരളത്തിൽ വിൽക്കുന്ന മരുന്നുകളുടെ Quality Control Certification നടത്തുന്നതാരാണ് ; വിപണിയിൽ ഇറങ്ങുന്ന ഓരോ മരുന്നും ഇങ്ങനെയുള്ള സർട്ടിഫിക്കേഷനു വിധേയമാകാറുണ്ടോ ?

52. സർക്കാർ ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിനും അവ സൂക്ഷിക്കുന്നതിനും ഏതെങ്കിലും കമ്മിറ്റി നിലവിലുണ്ടോ ; പ്രസ്തുത കമ്മിറ്റിയംഗങ്ങൾ ആരെല്ലാമാണ് ?

53. ജീവൻരക്ഷാ ഔഷധങ്ങളുടെ മാർക്കറ്റിംഗ്, വിൽപ്പന എന്നിവ സഹകരണ മേഖല പൂർണ്ണമായും ഏറ്റെടുക്കുന്നതിൽ നിലവിൽ എന്തെങ്കിലും നിയമതടസ്സമുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ ?

54. ഡോക്ടർമാർ മരുന്നുകൾ നിർദ്ദേശിക്കുമ്പോൾ അവയുടെ "ജനറിക് നെയിം" അഥവാ കെമിക്കൽ നെയിം തന്നെ നിർദ്ദേശിക്കണമെന്ന് മെഡിക്കൽ എത്തിക്സിൽ അനുശാസിക്കുന്നുണ്ടോ; എങ്കിൽ ഇത് പാലിക്കാത്ത ഡോക്ടർമാർക്കെതിരെ മെഡിക്കൽ കൗൺസിൽ നടപടി സ്വീകരിക്കാറുണ്ടോ ; ഉണ്ടെങ്കിൽ ഇതുവരെ എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ?

55. ഡോക്ടർമാർ മരുന്നുകൾ നിർദ്ദേശിക്കുമ്പോൾ അവയുടെ ജെനറിക് നെയിം നിർദ്ദേശിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുക?
56. ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനത്ത് ഈ രീതി തുടർന്നുവരുന്നുണ്ടോ ; ഇത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് ഏതെങ്കിലും കമ്മീഷനെ നിർദ്ദേശിക്കുകയോ, ടി കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിക്കുകയോ ചെയ്തിട്ടുണ്ടോ ?
57. സ്വകാര്യ ആശുപത്രികളിൽ വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാരം നിശ്ചയിക്കാൻ, ആരോഗ്യ വകുപ്പ്, ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പ്, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്നിവയ്ക്ക് എന്തെങ്കിലും അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഇത് കൃത്യമായി പാലിക്കപ്പെടാറുണ്ടോ ?
58. ആരോഗ്യ വകുപ്പിൽ ഇതിനുവേണ്ടി പ്രത്യേകം ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ ?
59. Drugs Auditing സമ്പ്രദായം കേരളത്തിൽ നിലവിലുണ്ടോ; ഇതാരാണ് ചെയ്യുന്നത് ; ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്തതും നടപടി തുടർന്നു വരുന്നതുമായ കേസ്സുകൾ എത്രയെണ്ണമുണ്ട് ?
60. സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ സ്റ്റോറുകളിൽ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്യുന്നത് പരിശോധിക്കാൻ ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പിന് അധികാരമുണ്ടോ ?
61. ഗുണനിലവാരം കുറഞ്ഞ ഔഷധം ഉപയോഗിച്ചതിന്റെ ഫലമായി രോഗാതുരരായവർക്ക് നഷ്ടപരിഹാരം നൽകാൻ നിലവിൽ നിയമമുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകി; വിശദാംശം വ്യക്തമാക്കാമോ ?
62. 12-വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കൊടുക്കുന്ന "നിമുസലൈഡ" എന്ന മരുന്ന് വിൽക്കുന്നത് 2011 ഫെബ്രുവരിയിൽ ഗവൺമെന്റ് വിലക്കിയതാണ്. എന്നാൽ ഇത് വിപണിയിൽ ഇപ്പോഴും സുലഭമാണ്. ഇതിന്റെ വിൽപ്പന തടയാൻ ആരോഗ്യ, ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?
63. പേറ്റന്റ് കാലാവധി കഴിഞ്ഞതും ഇപ്പോൾ വിപണിയിൽ സുലഭമായതുമായ മരുന്നുകൾ ഏതൊക്കെയാണ് ; ടി മരുന്നുകളുടെ വിൽപന തടയാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം ?
64. ഒരു മാസം ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പ് എത്ര ഡ്രഗ്ഗ് സാമ്പിളുകൾ പരിശോധിക്കാറുണ്ട്; ആയതിന്റെ കഴിഞ്ഞ വർഷത്തെ രേഖകൾ ഹാജരാക്കാമോ ?

65. ഒരു മരുന്നിന്റെ പരിശോധനഫലം പുറത്ത് വരുന്നതിനുമുമ്പ് തന്നെ അത് വിപണിയിൽ ലഭ്യമാകുന്നതിനു കാരണമെന്താണ് ?

66. പരിശോധനാ ഫലം പുറത്ത് വിടാൻ വളരെ കാലതാമസം ഉണ്ടാകുന്നത് മൂലം കമ്പനികൾക്ക് വൻ ലാഭം ലഭിക്കാൻ ഇടവരുത്തുകയില്ലേ ?

67. നാഷണൽ പ്രൈസിംഗ് അതോറിറ്റിയുടെ വിലനിർണ്ണയത്തിനു പുറമേ സംസ്ഥാനത്ത് ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പിന് മരുന്നുകളുടെ വില നിർണ്ണയത്തിൽ അധികാരമുണ്ടോ ; ഏതൊക്കെ മരുന്നുകളുടെ വിലനിർണ്ണയത്തിലാണ് സംസ്ഥാനത്തിന് മാത്രം അധികാരമുള്ളത് ?

68. ആയൂർവ്വേദ മരുന്നുകളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിൽ ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പിന് എന്തെങ്കിലും അധികാരമുണ്ടോ ; ആയൂർവ്വേദ മരുന്ന് വിൽപ്പന ശാലകൾ ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പിന്റെ പരിധിയിലാണോ ?

69. ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പ് ആയൂർവ്വേദ മരുന്നിന് വിൽപ്പന ലൈസൻസ് ഏർപ്പെടുത്താത്തത് എന്തുകൊണ്ടാണ്?

70. മെഡിക്കൽ കോളേജ് ആശുപത്രികളിൽ മരുന്നുകളുടെ സ്റ്റോറേജ് ക്രമവിരുദ്ധമായി നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ജീവൻരക്ഷാ മരുന്നുകളും, ഫ്രീസറിൽ സൂക്ഷിക്കേണ്ട മരുന്നുകളും വാർഡിന്റെ സൈഡിൽ കൂട്ടിയിട്ടിരിക്കുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ കെടുകാര്യസ്ഥത അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

71. SAT -യുടെ ഹെൽത്ത് എജ്യുക്കേഷൻ സൊസൈറ്റിയുടെ കീഴിലുള്ള ന്യായ വില കേന്ദ്രത്തിൽ ഡ്രഗ്ഗ്സ് ഇന്റലിജൻസ് ബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ മരുന്നുകൾ വിലകൂട്ടി വിൽക്കുന്നതായും, നിരോധിത മരുന്നുകൾ വിൽക്കുന്നതായും കണ്ടെത്തിയതിനുമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

72. 2009-ൽ പകർച്ചപ്പനി വ്യാപകമായപ്പോൾ കണ്ണൂർ, കോഴിക്കോട് ജില്ലകളിലേക്ക് മരുന്നു വാങ്ങുന്നതിലേക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിയ 2 കോടി രൂപ 2009 ഓഗസ്റ്റ് മുതൽ 2010 ജനുവരി വരെ അനധികൃതമായി ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ചത് മൂലം പലിശയിനത്തിൽ ലഭിച്ച 2.33 ലക്ഷം രൂപ വേറൊരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറന്ന് ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ചതു സംബന്ധിച്ച് AG യുടെ റിപ്പോർട്ടിൽ വന്ന പരാമർശത്തെക്കുറിച്ച് വിശദീകരിക്കുക ?

73. ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്ത കമ്പനിയിൽ നിന്നും 1.37 കോടി രൂപ തിരിച്ചുപിടിക്കണമെന്ന് ആരോഗ്യ വകുപ്പിലെ ധനനിയന്ത്രണ

വിഭാഗം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ സ്വികരിച്ച നടപടികൾ വിശദമാക്കുക ?

74. മരുന്നു വാങ്ങുന്നതിലേക്കായി കേരള ഡ്രഗ്ഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് 2005 മുതൽ 2008 വരെ 1256.26 ലക്ഷം രൂപ നൽകിയിരുന്നു. ഇതിൽ 213 ലക്ഷം രൂപയുടെ മരുന്ന് വിതരണം ചെയ്തതായി കാണുന്നില്ലെന്ന് 2010-2011 സാമ്പത്തിക വർഷത്തെ AG യുടെ റിപ്പോർട്ടിൽ പറയുന്നു; ഇതിന്റെ കാരണമെന്താണ് ; ടി 213 ലക്ഷം രൂപ KSDP യിൽ നിന്നും തിരിച്ചു പിടിക്കാനുള്ള നടപടികൾ ഏതുവരെയായി ; ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പിന് എന്ത് വിശദീകരണമാണ് നൽകാനുള്ളത് ?

75. ഹൃദയ ധമനികളിലെ തടസ്സം നീക്കുന്നതിനുള്ള ആൻജിയോ പ്ലാസ്റ്റിക്ക് വേണ്ടി ഉപയോഗിക്കുന്ന "സ്റ്റെന്റി"ന്റെ യഥാർത്ഥ വില എത്രയാണ് ; സ്വകാര്യ ആശുപത്രികളിൽ ഈ ഉപകരണത്തിന് എത്ര രൂപയാണ് ഈടാക്കുന്നത് ;

76. ക്യാൻസറിന് R.C.C യിൽ നൽകുന്ന അതേ മരുന്ന് അഞ്ചും ആറും ഇരട്ടി വിലയ്ക്ക് മെഡിക്കൽ ഷോപ്പുകളിൽ വിൽക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ?

77. മരുന്നു കമ്പനികൾ ഡോക്ടർമാരെ സ്വാധീനിച്ച് ആവശ്യമില്ലാത്തതും വിലകൂടിയതുമായ മരുന്നുകൾ രോഗികൾക്ക് കുറിച്ചു കൊടുക്കുന്നതായുള്ള പരാതികൾ പരിഹരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

78. സമഗ്രമായ ഒരു ഔഷധ നയം രൂപീകരിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ആരോഗ്യ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അങ്ങനെയൊരു നയം രൂപീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

✲